കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലും അത്യാവശ്യമുള്ള ഹാർഡ് വെയറുകൾ വാങ്ങുന്നതിന് - 2220-60-001-99 ഐ. ടി. സർവീസസ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി -ഉത്തരവാകുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ)വകുപ്പ്

**G.O.(Rt)83/2023/I&PRD** **Dated,04/08/2023**

---

എ.എസ് നമ്പർ : AS/IAP/23/29426 കാലാവധി : 03/08/2025

AS/IAP/23/29426

പരാമർശം:-1. വെബ് & ന്യൂ മീഡിയ ഇൻഫർമേഷൻ ഓഫീസറുടെ കുറിപ്പ്
2. 30/06/2023-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്സ്.

<u>ഉത്തരവ്</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലും ഉപയോഗയോഗ്യമായ കമ്പ്യൂട്ടറുകളുടെയും യു. പി.എസുകളുടെയും പ്രിൻ്ററുകളുടെയും കുറവ് ചൂണ്ടിക്കാണിച്ച് പുതിയ ഹാർഡ് വെയറുകൾക്കുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പലയിടത്തും ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ കുറവും പഴക്കവും വാർത്താവിതരണം, ഇ-ഓഫീസ്, സോഷ്യൽ മീഡിയ ക്രിയേറ്റീവ് നിർമാണം തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും ലഭിച്ച ആവശ്യങ്ങൾ പരിഗണിച്ച് ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുകയിൽ ഉൾപ്പെടുത്തി ലഭ്യമാക്കി നൽകാവുന്ന ഹാർഡ് വെയറുകൾ വാങ്ങുവാനുള്ള അനുമതിയും, ഓഫീസുകളിലെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ അത്യാവശ്യമായിട്ടുള്ള ഹാർഡ് വെയറുകൾ കെൽട്രോൺ സി.പി.സി.ആർ.എസ് / ഇ-ടെണ്ടർ വഴിയോ വാങ്ങുന്നതിന് ആകെ 14,73,232/- രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിയുമായി വെബ് & ന്യൂ മീഡിയ ഇൻഫർമേഷൻ ഓഫീസർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

30/06/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചിട്ടുണ്ട്.

1. വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ (മീഡിയ റിലേഷൻസ്) എന്നിവർ ഉൾപ്പെടുന്ന ഒരു ഇന്റേണൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി വാങ്ങൽ പ്രക്രിയ *(purchase process)* സൂക്ഷ്മമായി പരിശോധിക്കുകയും വേണം.

2. നിലവിലുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ച് വാങ്ങൽ നടത്തുകയും അത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കുകയും വേണം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലാ

ഇൻഫർമേഷൻ ഓഫീസുകളിലും ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലും അത്യാവശ്യമുള്ള ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം ഹാർഡ് വെയറുകൾ വാങ്ങുന്നതിനായി 14,73,232/- രൂപ (പതിനാല് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപാ മാത്രം) 2023-24 സാമ്പത്തിക വർഷത്തെ 2220-60-001-99 ഐ. ടി. സർവീസസ് എന്ന പ്ളാൻ ശീർഷകത്തിൽ നിന്ന് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദ്ദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലും അത്യാവശ്യമുള്ള ഹാർഡ് വെയറുകൾ വാങ്ങുന്നത്-സംബന്ധിച്ച് | 14,73,232 |
| ആകെ (പതിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ) | | **14,73,232** |

<u>ക്രമ നമ്പർ 1ന്റെ ഇനങ്ങൾ</u>

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | ഡെസ്ക്ക് ടോപ് കമ്പ്യൂട്ടർ – HP 280Pro G8/Acer Veriton M200-H510/Dell Vostro3910 Inter Corei5 8GB 512 GB SSD Win Home | 12 | 60256 | 7,23,072 |
| 2 | യു പി എസ് – 1KVA | 7 | 30000 | 2,10,000 |
| 3 | മൾട്ടി ഫങ്ഷൻ പ്രിന്റർ a4 | 4 | 35040 | 1,40,160 |
| 4 | ഡെസ്ക്ക് ടോപ് കമ്പ്യൂട്ടർ – HP 280Pro G8/Acer Veriton M200-H510/Dell Vostro3910 Intel Corei7 12GB 512 GB SSD Win Home | 5 | 80000 | 4,00,000 |
| ആകെ (പതിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ) | | | | **14,73,232** |

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ശ്യാം വി.

ഡെപ്യൂട്ടി സെക്രട്ടറി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

ASIAP/23/29426

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (മീഡിയ റിലേഷൻസ്)
ഇൻഫർമേഷൻ ഓഫീസർ, (പ്ലാനിംഗ്/വെബ് & ന്യൂ മീഡിയ)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്.

ഓർഡർ പ്രകാരം കൈമാറി,
Syam V

പകർപ്പ് - സെക്രട്ടറിയുടെ/ഡയറക്ടറുടെ സി.എ.യ്ക്ക്

Digitally signed by Syam V
Date:2023.08.10 12:12:35 +05:30

AS/IAP/23/29426